(ബി) ഹയർ സെക്കണ്ടറി പ്രവേശന നടപടികൾ ആരംഭിക്കുന്നതിൽ കാലതാമസം വന്നതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ഹയർ സെക്കണ്ടറി പ്രവേശന നടപടികൾ ആരംഭിക്കുന്നതിൽ വന്ന കാലതാമസം കാരണം എസ്.എസ്.എൽ.സി. ഫലം നേരത്തെ പ്രസിദ്ധീകരിച്ചതുമൂലം ലഭിക്കുമായിരുന്ന ഗ്രേസ് മാർക്ക് വിദ്യാർത്ഥികൾക്ക് നഷ്ടപ്പെട്ടതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതുമൂലം പ്ലസ് വൺ വിദ്യാർത്ഥികൾക്ക് നഷ്ടപ്പെടുന്ന അദ്ധ്യയന ദിവസങ്ങൾ നികത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. ഫലം പ്രസിദ്ധീകരിച്ച ഉടൻ ഹയർ സെക്കണ്ടറി പ്രവേശനത്തിനുള്ള നടപടികൾ ആരംഭിക്കുകയും 39 ദിവസങ്ങൾക്കുശേഷം അപേക്ഷ ഓൺലൈനായി സ്വീകരിച്ചു തുടങ്ങുകയും ചെയ്തു.

(ബി) കാലവിളംബം ഉണ്ടായിട്ടില്ല. ഏകജാലക സംവിധാനത്തിലൂടെയുള്ള പ്ലസ് വൺ പ്രവേശനത്തിനായുള്ള അപേക്ഷകൾ അപേക്ഷകർക്ക് തന്നെ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യം 2014 മേയ് 26 മുതൽ ലഭ്യമാക്കുകയും ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തവർക്കായി അപേക്ഷ ഫാറവും പ്രോസ്പക്ടസും പ്രിന്റ് ചെയ്ത് ജൂൺ ആദ്യവാരത്തോടെ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പ്ലസ് വൺ വിദ്യാർത്ഥികൾക്ക് അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടാത്ത രീതിയിലാണ് ഈ വർഷത്തേയും പ്ലസ് വൺ പ്രവേശന നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

എല്ലാ പഞ്ചായത്തിലും ഹയർ സെക്കണ്ടറി സ്കൂൾ

11(1060) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകൾ നിലവിലില്ലാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ പഞ്ചായത്തുകളിലും ഹയർ സെക്കണ്ടറി സ്കൂളുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇപ്പോൾ സംസ്ഥാനത്ത് പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കേണ്ടതില്ലെന്ന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്.

സാധാരണക്കാരായ കുട്ടികൾക്ക് ഐ.ടി. പഠനം

12(2648) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. പഠനം സാധാരണക്കാരായ കുട്ടികൾക്ക് ലഭിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ എയിഡഡ്/സർക്കാർ വിദ്യാലയങ്ങളിൽ ധാരാളം കമ്പ്യൂട്ടറുകളുടെ നിസ്സാരമായ തകരാറുകൾ കാരണം കുട്ടികളുടെ ഐ.ടി. പഠനം മുടങ്ങുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തകരാറിലായ കമ്പ്യൂട്ടറുകൾ റിപ്പയർ ചെയ്യുന്നതിന് അടിയന്തര നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിൽ മുഴുവൻ സ്കൂളുകളും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമായ കമ്പ്യൂട്ടർ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്, വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഐ.ടി. പഠനം സൗജന്യമായി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തകരാറിലായ കമ്പ്യൂട്ടറുകൾ റിപ്പയർ ചെയ്യുന്നതിന് അടിയന്തര നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly